LIBRARY ARCHIVES Kerala Legislative Assembly

ബാറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

125 (1993) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മദ്യഷാപ്പുകളും ബാറുകളും തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഫൈവ്സ്റ്റാർ ബാറുകൾ അടച്ചു പൂട്ടുന്നതിന് സംസ്ഥാന സർക്കാരിന് സാങ്കേതിക തടസ്സങ്ങളോ അധികാര പരിമിതിയോ ഉണ്ടോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിശോധിച്ചുവരുന്നു.

(സി) സർക്കാരിന്റെ പുതിയ മദ്യനയപ്രകാരം ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾ അടച്ചുപൂട്ടേണ്ട സാഹചര്യം നിലവിലില്ല.

വിദേശമദ്യ വിൽപ്പനയിലൂടെ ലഭിച്ച വരുമാനം

126 (1994) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 -14 സാമ്പത്തിക വർഷം കെ.എസ്.ബി.സി. വഴി വിറ്റഴിച്ച വിദേശ മദ്യത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കാലയളവിൽ വിറ്റഴിച്ച ബിയറിന്റെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ; വിദേശമദ്യവും ബിയറും വില്പന വഴി ഖജനാവിലേക്ക് 2013-14-ൽ ലഭിച്ച ഇനത്തിന്റെ കണക്ക് വ്യക്തമാക്കുമോ ;

(ബി) 2013 ഏപ്രിൽ മുതൽ നവംബർ 30 വരെ വിദേശ മദ്യവും ബിയറും എത്ര അളവ് വീതം വിറ്റഴിച്ചു ; ആയതിൽ നിന്നും പ്രസ്തുത കാലയളവിൽ സർക്കാരിനു ലഭിച്ച വരുമാനമെത്ര ;

(സി) 2014 ഏപ്രിൽ മുതൽ നവംബർ 30 വരെ വിറ്റഴിച്ച വിദേശ മദ്യത്തിന്റേയും ബിയറിന്റേയും അളവ് വ്യക്തമാക്കുമോ ; ഈ കാലയളവിൽ ഗവൺമെന്റിനുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം കെ.എസ്.ബി.സി. വഴി 240.81 ലക്ഷം കെയ്സ് വിദേശമദ്യവും 107.96 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. വിദേശമദ്യവും ബിയറും വിറ്റതുവഴി ഖജനാവിലേക്ക് 2013-14-ൽ ലഭിച്ച തുക 7575.77 കോടി രൂപയാണ്.

(ബി) 2013 ഏപ്രിൽ മുതൽ നവംബർ 30 വരെ 160.13 ലക്ഷം കെയ്സ് വിദേശ മദ്യവും 66.70 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. ആയതിൽ നിന്നും പ്രസ്തുത കാലയളവിൽ സർക്കാരിന് ലഭിച്ച വരുമാനം 4954 കോടി രൂപയാണ്.

(സി) 2014 ഏപ്രിൽ മുതൽ നവംബർ 30 വരെ 148.89 ലക്ഷം കെയ്സ് വിദേശമദ്യവും 56.89 ലക്ഷം കെയ്സ് ബിയറും ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഗവൺമെന്റിന് ലഭിച്ച വരുമാനം 5258.53 കോടി രൂപയാണ്.

വ്യാജമദ്യ നിർമ്മാണവും വിപണനവും

127 (1995) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ;

(സി) 1-7-2012 മുതൽ 31-10-2014 വരെ വ്യാജമദ്യ വിപണനവും, നിർമ്മാണവും സംബന്ധിച്ച് എത്ര കേസുകൾ സർക്കാർ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഡി) 1-7-2011 മുതൽ 31-10-2014 വരെ എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു. ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഇ) അയൽ സംസ്ഥാനത്ത് നിന്ന് അതിർ ഗ്രാമങ്ങളിലെ ഊടുവഴികൾ മുഖേന സ്പിരിറ്റ് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കുമോ ?